**ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ**
**22.11.2017–ന് ചേർന്ന**
**ലൈഫ് മിഷൻ രണ്ടാമത് ഉപ സമിതി യോഗത്തിന്റെ മിനിട്ട്സ്**

അജണ്ട 1.

ലൈഫ് മിഷൻ ഉപസമിതിയുടെ ഒന്നാമത് യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കുന്നത്.

*തീരുമാനം*

ലൈഫ് മിഷൻ ഉപസമിതിയുടെ ഒന്നാമത് യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് റേഷൻ കാർഡ് ഇല്ലായെങ്കിലും പരിഗണിക്കണമെന്ന യോഗ തീരുമാനം കമ്മിറ്റി പുനഃപരിശോധിച്ചു. ഈ ഘട്ടത്തിൽ പ്രസ്തുത തീരുമാനമെടുക്കുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും ആയതിനാൽ റേഷൻ കാർഡില്ലാത്ത, എന്നാൽ യോഗ്യരായ ഗുണഭോക്താക്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളപക്ഷം അവരെ ബന്ധപ്പെട്ട വകുപ്പുകൾ കണ്ടെത്താനും തുടർന്ന് പരിശോധിച്ച് അവരെ അടുത്ത ഘട്ടത്തിൽലൈഫ് – ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

അജണ്ട 2. **ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച്.**

ജില്ലാതല അപ്പീൽ പരിശോധന വേളയിൽ ജില്ലാ കളക്ടർ പരിശോധിച്ച് സാമൂഹിക പശ്ചാത്തലം മനസ്സിലാക്കി മാനുഷിക പരിഗണന നൽകി അർഹനാണ് എന്ന് കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് യോഗം ചർച്ച ചെയ്തു. കൂടാതെ കഴിഞ്ഞ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് ഇല്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗവും യോഗം ചർച്ച ചെയ്തു.

*തീരുമാനം*

1. ജില്ലാ കളക്ടർ അർഹനാണെന്ന് കണ്ടെത്തിയിട്ടും ഒഴിവാക്കപ്പെട്ടുപോയ ഗുണഭോക്താക്കളെ അർഹത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി വീണ്ടും പരിശോധന നടത്തിയശേഷം അടുത്ത ഘട്ടത്തിൽ പരിഗണിക്കാമെന്ന് തീരുമാനിച്ചു.
2. നിലവിൽ ലൈഫിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത പട്ടികജാതി പട്ടികവർഗ്ഗ/ തോട്ടം തൊഴിലാളികൾ എന്നീ ഗുണഭോക്താക്കളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പുകൾ ശേഖരിച്ച് ലൈഫ് മിഷന് കൈമാറുവാനും, തുടർന്ന് ഗ്രാമസഭയുടെ അംഗീകാരത്തോടുകൂടി രണ്ടാംഘട്ടമായി ഉൾപ്പെടുത്തുവാനും തീരുമാനിച്ചു. ഇവ ലൈഫിന്റെ ആദ്യഘട്ട ലിസ്റ്റ് പൂർത്തിയാക്കിയതിന് ശേഷം മാത്രം പരിഗണിച്ചാൽ മതിയാകും.

അജണ്ട 3.

**ഗുണഭോക്തൃ പട്ടിക പുതുക്കുന്നത്.**

ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തണം എന്ന ആവശ്യവുമായി ബഹു. മുഖ്യമന്ത്രി, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നിവർക്ക് ലഭിക്കുന്ന അപേക്ഷകളും ഗ്രാമസഭ പട്ടികയ്ക്ക് അന്തിമ അംഗീകാരം ലഭിച്ച ശേഷവും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ എപ്രകാരം പരിഗണിക്കാമെന്ന് യോഗം ചർച്ച ചെയ്തു.

*തീരുമാനം :*

ഇത്തരത്തിൽ കിട്ടുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരാണെന്ന് കാണുന്ന പക്ഷം ആയത് ജില്ലാ തലത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിനും തുടർന്ന് ലൈഫ് മിഷൻ കൈക്കൊള്ളുന്ന തീരുമാനത്തിന് വിധേയമായി പരിഗണിക്കാനും തീരുമാനിച്ചു.

അജണ്ട 4.

**ഭവനനിധിക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നത്**

തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന "ഭവനനിധി" സംസ്ഥാനത്ത് ഒട്ടാകെ ഒരൊറ്റ ബാങ്കിൽ സൂക്ഷിക്കുന്നത് പ്രസ്തുത അക്കൗണ്ടുകളെ സംസ്ഥാനതലത്തിൽ മോണിറ്റർ ചെയ്യുന്നതിന് അഭികാമ്യമായിരിക്കും എന്ന് യോഗം വിലയിരുത്തി. ലൈഫിന് വേണ്ടി തുടങ്ങുന്ന എസ്.ബി അക്കൗണ്ടുകൾക്ക് 4% പലിശ നിരക്ക് നൽകാം എന്ന് 'കേരള ഗ്രാമീൺ ബാങ്ക്' ഉറപ്പ് നൽകിയിട്ടുള്ള സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ "ഭവനനിധി" അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാമെന്ന് യോഗം തീരുമാനിച്ചു.

<u>തീരുമാനം</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ "ഭവനനിധി" അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ തീരുമാനിച്ചു. കേരള ഗ്രാമീൺ ബാങ്ക് ആകുന്നപക്ഷം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രതിമാസ ബാങ്ക് സ്റ്റേറ്റ്മെന്റ് ലൈഫ് മിഷൻ യോഗത്തിലേക്ക് നൽകാൻ കഴിയും എന്ന് യോഗം വിലയിരുത്തി.

അജണ്ട 5.

**എസ്.സി.പി ഫണ്ട് ഉപയോഗിച്ച് ഭൂരഹിതരുടെ പുനരധിവാസത്തിന് വാങ്ങിയ ഭൂമി ജനറൽ വിഭാഗത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്.**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിച്ച് പ്രസ്തുത തദ്ദേശ സ്ഥാപനത്തിലെ ഭൂരഹിതരായ മുഴുവൻ എസ്.സി ഗുണഭോക്താക്കളെയും പുനരധിവസിപ്പിച്ച ശേഷം ഭവന സമുച്ചയത്തിൽ ഫ്ളാറ്റുകൾ അവശേഷിക്കുകയാണെങ്കിൽ ആയത് ജനറൽ വിഭാഗത്തിലെ ഭൂരഹിത ഭവനരഹിതരെ പുനരധിവസിപ്പിക്കാനുള്ള അനുമതി ലഭ്യമാക്കുന്നത് യോഗം ചർച്ച ചെയ്തു.

<u>*തീരുമാനം*</u>

ഈ വിഷയം പട്ടികജാതി വകുപ്പിന്റെ അഭിപ്രായം വാങ്ങിയശേഷം യോഗത്തിൽ സമർപ്പിക്കാൻ സി.ഇ.ഒ-യെ ചുമതലപ്പെടുത്തി.

അജണ്ട 6

**രണ്ടാംഘട്ട ഭവന സമുച്ചയങ്ങളുടെ നിർമ്മാണം**

രണ്ടാംഘട്ട ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ യോഗം ചർച്ച ചെയ്തു. മൂന്ന് മേഖലയായി തിരിച്ച് ഓപ്പൺ ടെൻഡറിലൂടെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ചുമതല ഏജൻസികൾക്ക് നൽകാമെന്ന് യോഗം തീരുമാനിച്ചു.

<u>*തീരുമാനം :*</u>

സംസ്ഥാനത്തെ മൂന്ന് മേഖലകളായി തിരിച്ച് ഓപ്പൺ ടെൻഡർ വിളിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏജൻസിയെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു.

അജണ്ട 7. **വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനരുദ്ധാരണം**

വാസയോഗ്യമല്ലാത്ത ഭവനം സ്വന്തമായുള്ളവർ ലൈഫ് മിഷന്റെ ഒരു ഘടകം ആയതിനാൽ ഇത്തരത്തിലുള്ള ഭവനമുള്ള കുടുംബങ്ങളെ എപ്രകാരം പുനരധിവസിപ്പിക്കണമെന്നത് യോഗം ചർച്ച ചെയ്തു.

<u>*തീരുമാനം:*</u>

വാസയോഗ്യമല്ലാത്ത ഭവനം സ്വന്തമായുള്ളവരെ ഈ വർഷം പരിഗണിക്കേണ്ടതില്ലായെന്നും, അടുത്തഘട്ടത്തിൽ പരിഗണിക്കാമെന്നും തീരുമാനിച്ചു.